(എഫ്) സംസ്ഥാനം ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില പ്രകാരം ഒരുകിലോ അരിക്ക് എന്തു വില വരുമെന്ന് വ്യക്തമാക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) വിരിപ്പു സീസണിൽ വെള്ള അരിയുടെ നെല്ലിന് കിന്റലിന് 600 രൂപയും മട്ട അരിയുടെ നെല്ലിന് 650 രൂപയുമാണ് സർക്കാർ നിശ്ചയിച്ച വില.

(ബി) താരതമ്യേന മെച്ചപ്പെട്ട താങ്ങുവിലയാണെന്ന് കരുതുന്നു.

(സി) നെൽകർഷകർക്ക് കൃഷിയുടെ അടിസ്ഥാനത്തിൽ ഹെക്ടറിന് 350 രൂപ ബോണസ് നല്കി വരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) തരംതിരിക്കാത്ത നെല്ല് കിന്റലിന് 490 രൂപയും ഒന്നാം ഗ്രേഡ് നെല്ലിന് കിന്റലിന് 520 രൂപയുമാണ്, 1999-2000 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ നെല്ലിന് നിശ്ചയിച്ച താങ്ങുവില.

(എഫ്) വെള്ള അരി കിലോവിന് ശരാശരി 10.75 രൂപയും മട്ട അരിക്ക് 11.50 രൂപയും വില വരുമെന്ന് കണക്കാക്കുന്നു.

സംസ്ഥാനത്തെ ട്രെയിനുകളിലെ കാലപ്പഴക്കമുള്ള കോച്ചുകൾ

8 (*214) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകൾ കാലപ്പഴക്കം മൂലം നാശോന്മുഖമായ കോച്ചുകളാണ് ഉപയോഗിക്കുന്നതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഴയ കോച്ചുകളുടെ സ്ഥാനത്ത് ഉപയോഗയോഗ്യവും പുതിയതുമായ കോച്ചുകൾ ലഭ്യമാക്കുവാൻ നടപടിയെടുക്കുമോ ;

(സി) സംസ്ഥാനത്ത് അനുവദിച്ച പുതിയ കോച്ചുകൾ റെയിൽവേ പിൻവലിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തിന് നല്ല കോച്ചുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) പുതിയ കോച്ചുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കേരള മുഖ്യമന്ത്രി തന്നെ നേരിട്ടെഴുതിയിട്ടുണ്ട്.

(സി & ഡി) ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly